"കൂട്ടനാട് താലൂക്കിൽ മുൻസിഫ് കോടതി"

76 [3463] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂട്ടനാട് താലൂക്കിൽ മുൻസിഫ് കോടതി ഇല്ലാത്തതുമൂലം കൂട്ടനാട്ടിലെ ജനങ്ങൾ സിവിൽ വ്യവഹാരങ്ങൾക്ക് ആലപ്പുഴയിൽ പോകേണ്ടിവരുന്നതിന്റെ കഷ്ടപ്പാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂട്ടനാട്ടിലെ രാമങ്കരി മജിസ്ട്രേട്ട് കോടതി മുൻസിഫ് മജിസ്ട്രേട്ട് കോടതി ആയി മാറ്റുന്നതിന് ഹൈക്കോടതി ശുപാർശ നല്കിയിരുന്നുവെന്നും ആ ശുപാർശ ഇപ്പോഴും പിൻവലിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് അംഗീകരിച്ച് രാമങ്കരി മജിസ്ട്രേട്ട് കോടതി മുൻസിഫ് മജിസ്ട്രേട്ട് കോടതി ആക്കി മാറ്റുന്നതിന് മുൻഗവൺമെന്റിന്റെ കാലത്തുണ്ടായ ഉത്തരവിന് അനുസരണയായി തുടർ നടപടി സ്വീകരിക്കുന്നതിന് ദയവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ ഭേദഗതി

77 [3464] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി എപ്പോൾ തുടങ്ങി; ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എപ്പോൾ പൂർത്തിയാകും;

(ബി) ഭേദഗതി വരുത്തുവാൻ ഇത്രയേറെ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കണ്ണൂർ, വിയ്യൂർ, മേഖലാ ഡി. ഐ. ജി.-മാർക്ക് ആസ്ഥാനകാര്യാലയത്തിൽ കേന്ദ്രീകരിച്ചുള്ള ഭരണസാമ്പത്തിക അധികാരം വികേന്ദ്രീകരിച്ച് നൽകുന്നതോടൊപ്പം ആസ്ഥാന കാര്യാലയത്തിൽ നിന്നും നിലവിലുള്ള ജീവനക്കാരെ വികേന്ദ്രീകരിച്ച് നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) 27-6-2002-ലെ സർക്കാർ കത്ത് നം. 10841/ബി3/97/ഹോം പ്രകാരം ആഭ്യന്തര വകുപ്പ് ജയിൽ വകുപ്പ് മേധാവിക്ക് അയച്ച നിർദ്ദേശത്തിന് ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ സർവ്വീസിൽ നിലവിലുള്ള തസ്തികകൾ വെട്ടിക്കുറച്ചതിന്റെ ഭാഗമായി ജയിൽ വകുപ്പിലും കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യാനുള്ള നടപടികൾ ആരംഭിച്ചത് 1997-ലാണ്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ച ഇതിനകം പൂർത്തീകരിച്ചു. ചർച്ചയുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശിച്ച ചില ഭേദഗതികളുടെ അടിസ്ഥാനത്തിലുമുള്ള കരട് നിർദ്ദേശം സമർപ്പിക്കുവാൻ ജയിൽ വകുപ്പ് തലവനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കാനാകും.

(ബി) ചട്ടങ്ങളുടെ സമഗ്രമായ ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്നതിനാൽ വിശദമായ പരിശോധന ആവശ്യമാണ്.

(സി) കണ്ണൂർ, വിയ്യൂർ, മേഖലാ ഡി. ഐ. ജി.-മാർക്ക് ഭരണ-സാമ്പത്തികാധികാരം വികേന്ദ്രീകരിച്ച് നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പരിമിതമായ ജീവനക്കാരേയുള്ളുയെന്നതിനാൽ ആസ്ഥാന കാര്യാലയത്തിൽ നിന്ന് നിലവിലുള്ള ജീവനക്കാരെ വികേന്ദ്രീകരിച്ച് നിയമിക്കുവാൻ ഉദ്ദേശ്യമില്ല.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ജയിൽ വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല.

മുൻ ജവാൻമാർക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ

78 [3465] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള ജവാൻമാരുടെ വിധവകൾക്ക് ധനസഹായം നൽകുമെന്ന് ബജറ്റ് പ്രഖ്യാപനം ഉണ്ടായിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കേരള സ്റ്റേറ്റ് എക്സ്സർവീസ്മെൻസ് ഡലവപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ കാലങ്ങളായി പ്രവർത്തനക്ഷമം അല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സെക്യൂരിറ്റി ജോലിക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly